"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം -വൈദ്യരത്നം ആയുർവേദ കോളേജ് , ഒല്ലൂർ -അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നേരിട്ട് സ്ഥിര നിയമനം നടത്തുന്നതിനുള്ള അനുമതി -ഭേദഗതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.309/2025/AYUSH തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 10/2024/ആയുഷ് തീയതി 15.03.2024
2. സ.ഉ.(സാധാ) നം. 283/2024/ആയുഷ് തീയതി 09.08.2024
3. ബഹു .ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും നടന്ന 22.01.2025 തീയതിയിലെ യോഗതീരുമാനം

**ഉത്തരവ്**

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിന് അനുവദിച്ചിട്ടുള്ള ഉയർന്ന അദ്ധ്യാപക തസ്തികകളിൽ 50% ത്തിലേറെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാലും കോളേജിന്റെ അംഗീകാരം നിലനിർത്തേണ്ടതിനാലും സ്ഥാനക്കയറ്റം മുഖേന യോഗ്യരായവർ ലഭ്യമാകുന്നതു വരെ എന്ന വ്യവസ്ഥയിൽ പ്രസ്തുത കോളേജിൽ അനുവദിക്കപ്പെട്ടിട്ടുള്ള അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ലെന്ന് ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ് മാനേജർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒല്ലൂർ വൈദ്യരത്നം കോളേജ് അഭിമുഖീകരിക്കുന്ന ഗൗരവമായ സ്ഥിതി വിശേഷം കണക്കിലെടുത്തും പരാമർശം(3) പ്രകാരമുള്ള 22.01.2025- ലെ യോഗ തീരുമാന പ്രകാരവും പ്രസ്തുത കോളേജിൽ, നിലവിൽ ഒഴിവുള്ള സർക്കാർ അംഗീകരിച്ച അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് ഇപ്രാവശ്യത്തേയ്ക്ക് മാത്രം നേരിട്ടുള്ള സ്ഥിരം നിയമനം നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

മാനേജർ , വൈദ്യരത്നം ആയുർവേദ കോളേജ് , ഒല്ലൂർ ,തൃശ്ശൂർ

പ്രിൻസിപ്പൽ , വൈദ്യരത്നം ആയുർവേദ കോളേജ് ,ഒല്ലൂർ ,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) ,കേരള ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O (F) No.2848333/HLT-B1/58/2023-FIN -Part (1) തീയതി 09.05.2025 പ്രകാരം)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 09-06-2025 15:15:57
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്